**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1565** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ മണ്ഡലത്തിലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന കായിക-യുവജനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷന്റെ നിർവ്വഹണ ചുമതലയിൽ പുനലൂർ മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന കായിക-യുവജനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ്റെ നിർവ്വഹണ ചുമതലയിൽ പുനലൂർ നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**അഞ്ചൽ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൻറെ നവീകരണ പ്രവൃത്തി:**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പുനലൂർ നിയോജക മണ്ഡലത്തിൽ അഞ്ചൽ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൻറെ നവീകരണ പ്രവൃത്തിയ്ക്ക് 1കോടി രൂപയുടെ സമഗ്ര ഭരണാനുമതി ലഭിച്ചിരുന്നു. തുടർന്ന് കരാറുകാരനു സൈറ്റ് കൈമാറി നൽകുകയും പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. നിലവിൽ 60% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓപ്പൺ സ്റ്റേഡിയം കരവാളൂർ ഗ്രാമപഞ്ചായത്ത്:**

2025-2026 ബഡ്ജറ്റിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ പുനലൂർ നിയോജക മണ്ഡലത്തിലെ കരാവാളൂർ ഗ്രാമപഞ്ചായത്ത് ഓപ്പൺ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയ്ക്കായി 1കോടി രൂപയുടെ ഭരണാനുമതി നൽകി. 24.02.2026 തീയതിയിൽ കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്തു. എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മൾട്ടി മഡ് കോർട്ട്, റീട്ടെയിനിംഗ് വാൾ, ഫെൻസിംഗ്, ഡ്രെയിൻ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് പ്രധാന ഘടകങ്ങൾ. ബഹു.പുനലൂർ എം.എൽ.എ.യും, പഞ്ചായത്ത് അധികൃതർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ എന്നിവർ സ്ഥലം സന്ദർശിച്ച വേളയിൽ ഗ്രൗണ്ടിൻറെ വിസ്തൃതി കൂട്ടാനും, നിലവിൽ റീട്ടെയിനിംഗ് വാളിൻറെ പൊസിഷൻ തോടിൻറെ വശങ്ങളിലേയ്ക്ക് മാറ്റി ചെയ്യുവാൻ ബഹു.എം.എൽ.എ.നിർദ്ദേശിച്ചു. തന്മൂലം ഉണ്ടാകുന്ന അധിക ചെലവിനെപ്പറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ബഹു.എം.എൽ.എ.യും,പഞ്ചായത്ത് അധികൃതരെയും ബോധ്യപ്പെടുത്തുകയും തുടർന്ന് ബഹു.എം.എൽ.എ.സ്കോപ്പ് റിവൈസ് ചെയ്ത് റീട്ടെയിനിംഗ് വാൾ പുതുതായി നിർദ്ദേശിച്ച സ്ഥലത്ത് മാറ്റി ചെയ്യുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കമ്മറ്റി കൂടി

സ്പോർട്സ് കേരള ഫൗണ്ടേഷന് അനുമതി നല്കണമെന്ന് പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ17.09.2026ൽ പഞ്ചായത്ത് അധികൃതർ സ്പോർട്സ് കേരള ഫൗണ്ടേഷന് അനുമതി നല്കുകയും ചെയ്തു. തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** സ്പോർട്സ് കേരള ഫൗണ്ടേഷന്റെ നിർവ്വഹണ ചുമതലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് ഭരണാനുമതി വാങ്ങേണ്ട പ്രവൃത്തികൾ പുനലൂർ മണ്ഡലത്തിൽ അവശേഷിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** 2019 - 2020 ലെ വിശദമായ ബജറ്റ് എസ്റ്റമേറ്റുകളിൽ ക്രമ നമ്പർ 2082 ആയി ഉൾപ്പെടുത്തി, പിന്നീട് 22.10.2026 ലെ സ.ഉ.(സാധാ)നം. 634/2026/ധന ഉത്തരവ് പ്രകാരം 350 ലക്ഷം രൂപ അടങ്കൽ തുകയും 20% പ്രൊവിഷനും അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾപ്പെടുത്തിയ കുളത്തൂപ്പുഴ പഞ്ചായത്ത് ആർ-പി-എൽ-ചന്ദനക്കാവ്-കൂവക്കാട് റോഡ് എന്ന പ്രവൃത്തിയ്ക്ക് പകരം 8 പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നു. ആയതിൽ നിർവ്വഹണ വകുപ്പായി കായിക വകുപ്പിന് കീഴിൽ തെന്മല പഞ്ചായത്തിൽ ആനപ്പെട്ടകോങ്കൽ വാർഡിൽ പഞ്ചായത്ത് കളിക്കളം പദ്ധതിയിൽ എസ്റ്റിമേറ്റ് തുക 50 ലക്ഷവും, അനുവദിക്കുന്ന തുക 10,00,000/-വും വകയിരുത്തിയിട്ടുണ്ട് (15.03.2026 സ.ഉ.(സാധാ)നം. 2832/2026/ധന ഭേദഗതി ഉത്തരവ്). ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. എം. എൽ. എ. യുടെ നിർദ്ദേശ പ്രകാരം 11.09.2026 ന് സ്പോർട്സ് കേരള ഫൗണ്ടേഷന് ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നെന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**